# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാചോദ്യം നം.50 24-01-2018-ലെ മറുപടിക്ക്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.സി. ദിവാകരൻ<br>ശ്രീ.ചിറ്റയം ഗോപകുമാർ<br>ശ്രീ.ജി.എസ്. ജയലാൽ<br>ശ്രീ.വി.ആർ.സുനിൽ കുമാർ | ഡോ.ടി.എം. തോമസ് ഐസക്ക്<br>ധനകാര്യവും കയറും വകുപ്പ് മന്ത്രി |

**സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി**

| | | |
| --- | --- | --- |
| (എ) | ജി.എസ്.ടി. നടപ്പാക്കിയതിന് ശേഷം സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതിയുടെ യഥാർത്ഥ സ്ഥിതി വെളിപ്പെടുത്തുമോ ; | 2017 ജൂലൈ 1 മുതൽ ചരക്കുസേവന നികുതി നടപ്പിലാക്കി തുടങ്ങിയതിനുശേഷം സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിന്റെ ഗണ്യമായ പങ്ക് സംഭാവന ചെയ്തിരുന്ന വില്പന നികുതി (ചരക്കുസേവന നികുതി ഉൾപ്പെടെയുള്ള) വരുമാനത്തിന്റെ വളർച്ച മന്ദീഭവിച്ച അവസ്ഥയാണ്. അക്കൗണ്ടന്റ് ജനറലിന്റെ താല്ക്കാലിക കണക്കുകൾ പ്രകാരം നടപ്പ് സാമ്പത്തിക വർഷം ജൂലൈ 31 വരെയുള്ള കാലയളവിൽ വില്പന നികുതി (മൂല്യ വർദ്ധിത നികുതി അടക്കം) മുൻവർഷത്തെക്കാൾ 6.36% വളർച്ച രേഖപ്പെടുത്തിയപ്പോൾ ചരക്കുസേവന നികുതി പ്രാബല്യത്തിൽ വന്നതിനു ശേഷമുള്ള 2017 ആഗസ്റ്റ് മുതൽ നവംബർ 30 വരെയുള്ള കാലയളവിൽ വളർച്ച (വില്പന നികുതി + ചരക്കുസേവന നികുതി) 1.33% ആയി ഇടിയുകയുണ്ടായി. 2016-17-ൽ ആയത് യഥാക്രമം 7.04% വും 13.13 % വും ആയിരുന്നു. 2017-18-ൽ 20% വളർച്ച പ്രതീക്ഷിച്ചിരുന്ന വില്പന നികുതി (വാറ്റ്/ ജിഎസ്ടി സഹിതം) 2017 നവംബർ 30 വരെ കുറിച്ചിരിക്കുന്ന വർദ്ധനവ് 3.65% മാത്രമാണ്. 2016-17-ൽ ഇത് 10.24% ആയിരുന്നു. അതേസമയം പ്രസ്തുത നികുതി കഴിച്ചുള്ള സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം ടി കാലയളവിൽ 11.42% വർദ്ധനവ് കൈവരിക്കുകയുണ്ടായി.<br>ചരക്കുസേവന നികുതിയുടെ വരവോടുകൂടി നികുതി വളർച്ചയിൽ പ്രതീക്ഷിച്ച |

| | | |
|---|---|---|
| | | പുരോഗതി ഉണ്ടാകാത്ത പശ്ചാത്തലത്തിലും 2017 നവംബർ 30 വരെയുള്ള കാലയളവിൽ പദ്ധതി ചെലവിൽ മുൻവർഷത്തെക്കാൾ 20.35% വും ആകെ ചെലവിൽ 21.87% വും വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിനെല്ലാം ഉപരിയായി, ചരക്കുസേവന നികുതിയിലെ എസ്.ജി.എസ്.ടി. വിഹിതത്തിന്റെ സിംഹഭാഗവും മാസത്തിന്റെ പകുതിക്കുശേഷവും ഐ.ജി.എസ്.ടി. വിഹിതം മാസാവസാനവും നിർദ്ദിഷ്ട നികുതി നടപ്പിലാക്കുമ്പോഴുണ്ടാകുന്ന റവന്യു വളർച്ചാനഷ്ടത്തിനുള്ള നഷ്ട പരിഹാരം 2 മാസത്തിലൊരിക്കലുമാണ് ലഭിക്കുന്നത്. എന്നാൽ സംസ്ഥാനത്തിന്റെ ശമ്പളവും പെൻഷനും അടക്കമുള്ള റവന്യു ചെലവിന്റെ ഗണ്യമായ ഭാഗവും നടക്കുന്നത് മാസത്തിലെ ആദ്യ പ്രവർത്തിദിനങ്ങളിലാണ്. ഇത് സംസ്ഥാനത്തിന്റെ ദൈനംദിന ധന മാനേജ്മെന്റിനെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്തിന്റെ വായ്പാപരിധി നിലവിൽ എത്രയാണെന്നും, അതിൽ ഇനി എത്ര ബാക്കി എടുക്കാമെന്നും അറിയിക്കുമോ ; | കേന്ദ്ര സർക്കാർ 2017-18 സാമ്പത്തിക വർഷം സംസ്ഥാനത്തിന്റെ വായ്പാപരിധി (തനി) യായി നിശ്ചയിച്ചിരിക്കുന്നത് 20,402 കോടി രൂപയാണ്. അക്കൗണ്ടന്റ് ജനറലിന്റെ 2017 നവംബർ 30 വരെയുള്ള താല്ക്കാലിക കണക്കുകൾ പ്രകാരം നടപ്പ് സാമ്പത്തിക വർഷത്തിൽ പൊതുകടം (തനി) മുഖേന 12,307.01 കോടി രൂപയും സ്മാൾ സേവിംഗ്സ്, പ്രോവിഡന്റ് ഫണ്ട് മറ്റ് സേവിംഗ്സ് സ്കീം (തനി) മുതലായ ഇനങ്ങളിലായി 8,939.30 കോടി രൂപയും സർക്കാരിന് ലഭിച്ചിട്ടുണ്ട്. 2017-18 അവസാന പാദത്തിൽ പൊതു വിപണിയിൽനിന്ന് 6,100 കോടി രൂപ സമാഹരിക്കാനുള്ള അനുമതി കേന്ദ്ര സർക്കാർ നൽകിയിട്ടുണ്ട്. അതിൽ 4,100 കോടി രൂപയുടെ വായ്പ അനുമതി ഇനിയും (20-01-2018-ൽ) വിനിയോഗിക്കാതെ അവശേഷിക്കുന്നുണ്ട്. |
| (സി) | സംസ്ഥാനം നേരിടുന്നതായി പറയപ്പെടുന്ന സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിന് ഏതൊക്കെ തരത്തിലുള്ള മാർഗ്ഗങ്ങളാണ് അവലംബിക്കുന്നത് എന്നറിയിക്കുമോ ? | നോട്ട് നിരോധനത്തിന്റെ ഫലമായി തുടർന്നുവന്ന സാമ്പത്തിക അനിശ്ചിതാവസ്ഥയും വേണ്ടത്ര മുന്നൊരുക്കമില്ലാതെയും ധൃതിപിടിച്ചും ജി.എസ്.ടി നടപ്പിലാക്കിയതുമൂലം ദേശീയതലത്തിൽ പൊതുവായുണ്ടായിട്ടുള്ള സാമ്പത്തിക ഞെരുക്കം സംസ്ഥാനത്തെയും ബാധിച്ചിട്ടുണ്ട്. ചരക്കു സേവന നികുതിയിൽ നിന്നുള്ള വരവും കേന്ദ്രത്തിൽനിന്നുള്ള നികുതി വിഹിതത്തിന്റെ കൈമാറ്റവും സംസ്ഥാനത്തിന്റെ ചെലവുകളുടെ ക്രമവും തമ്മിലുള്ള അന്തരം ദൈനംദിന പ്രവർത്തനങ്ങളെ സാരമായി ബാധിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| | | സംസ്ഥാനത്തിന്റെ ശമ്പളവും പെൻഷനുമടക്കമുള്ള റവന്യു ചെലവിന്റെ സിംഹഭാഗവും കേന്ദ്രീകരിച്ചിരിക്കുന്നത് മാസത്തിന്റെ ആദ്യ പ്രവർത്തിദിനങ്ങളിലാണ്. കേന്ദ്രത്തിൽ നിന്നുള്ള നികുതി വിഹിതം മുൻകാലങ്ങളിൽ എല്ലാമാസവും ആദ്യ പ്രവർത്തിദിനത്തിൽ ലഭിച്ചുകൊണ്ടിരിക്കുന്നത് 15-ാം തീയതിയാക്കി കേന്ദ്ര സർക്കാർ പുനഃക്രമീകരിച്ചു. ഇതുകൂടാതെ ചരക്കുസേവന നികുതിയുടെ ഭാഗമായ എസ്.ജി.എസ്.ടിയുടെ ഗണ്യമായ പങ്കും മാസത്തിന്റെ പകുതിയ്ക്കുശേഷവും ഐ.ജി. എസ്.ടി. വിഹിതം മാസാവസാനവും ജി.എസ്.ടി. നടപ്പിലാക്കുന്നത് വഴിയുണ്ടാകുന്ന റവന്യു നഷ്ടത്തിനുള്ള നഷ്ടപരിഹാരം 2 മാസത്തിലൊരിക്കലുമാണ് ലഭിച്ചുവരുന്നത്. ഇത് അതീവ ഗൗരവമായ വെയ്സ് & മീൻസ് ഞെരുക്കം സൃഷ്ടിക്കുന്നു. സംസ്ഥാനത്തിന് ഒഴിവാക്കാനാവാത്ത മേൽ ലിക്വിഡിറ്റി പ്രതിസന്ധി പരിഹരിക്കുന്നതിനായി പൊതുവിപണിയിൽനിന്നുള്ള കടമെടുക്കലും, ആർ.ബി.ഐ.യുടെ ഹ്രസ്വകാല ലിക്വിഡിറ്റി മാനേജ്മെന്റ് ഉപാധികളും ഫലപ്രദമായി ഉപയോഗിച്ചുകൊണ്ടും നിർബന്ധിതമല്ലാത്ത ചെലവുകൾ വരവിന് അനുസൃതമായി മാറ്റിവച്ചുകൊണ്ടും അനാവശ്യ ചെലവുകൾ നിയന്ത്രിച്ചുകൊണ്ടും ധൂർത്ത് ഒഴിവാക്കിയുമുള്ള ബഹുമുഖ തന്ത്രമാണ് സർക്കാർ നിലവിൽ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നത്. |

സെക്ഷൻ ഓഫീസർ